എം.എൽ.എ. ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് എൽ.സി.ഡി. പ്രൊജക്ടർ

143 (483) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകൾക്ക് എൽ സി. ഡി. പ്രൊജക്ടർ വാങ്ങാൻ എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുകയ്ക്ക് എൽ.സി.ഡി. പ്രൊജക്ടർ ലഭ്യമാക്കാൻ കമ്പനികൾ തയ്യാറാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എൽ.സി.ഡി. പ്രൊജക്ടിന് അനുവദിക്കാവുന്ന തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്റ്റോർ പർച്ചേസ് മാന്വലിലെ നടപടിക്രമങ്ങൾ പ്രകാരം നിലവിലുള്ള നിരക്കിൽ ആവശ്യമായ തുക സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിന് വേണ്ടി എൽ.സി.ഡി. പ്രോജക്ടർ വാങ്ങാൻ എം.എൽ.എ.മാരുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്.

(ബി) എൽ.സി.ഡി. പ്രൊജക്ടർ ലഭ്യമാക്കാൻ കമ്പനികൾ തയ്യാറാകാത്തത് എം.എൽ.എ.-എസ്.ഡി.എഫ്.ന്റെ നോഡൽ ഓഫീസർമാരായ ജില്ലാ കളക്ടർമാർ നാളിതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) സ്റ്റോർ പർച്ചേസ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട നിരക്കിൽ എൽ.സി.ഡി. പ്രൊജക്ടർ വാങ്ങാവുന്നതാണ്.

കേരള സംസ്ഥാന സംരംഭക മിഷൻ

144 (484) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സംസ്ഥാനത്തെ സംരംഭക മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം കിട്ടിയെന്നും നൂതനമായ എന്തൊക്കെ സംരംഭങ്ങളാണ് ഇതുവഴി തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ളതെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

31-10-2014-ലെ കണക്കുകൾ പ്രകാരം കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ കീഴിൽ ഇതുവരെയായി 643 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചു. ഇതിൽ 485 സംരംഭങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചവയാണ്. 31-8-2014-ലെ കണക്കുകൾ പ്രകാരം 34,85,41,009 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 1538 സംരംഭകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

വായ്പ അനുവദിച്ചിട്ടുള്ള സംരംഭകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

തിരുവനന്തപുരം	118 സംരംഭങ്ങൾ 293 സംരംഭകർ
കൊല്ലം	15 സംരംഭങ്ങൾ 27 സംരംഭകർ
പത്തനംതിട്ട	15 സംരംഭങ്ങൾ 33 സംരംഭകർ
കോട്ടയം	48 സംരംഭങ്ങൾ 120 സംരംഭകർ
ആലപ്പുഴ	27 സംരംഭങ്ങൾ 53 സംരംഭകർ
എറണാകുളം	86 സംരംഭങ്ങൾ 196 സംരംഭകർ
ഇടുക്കി	51 സംരംഭങ്ങൾ 116 സംരംഭകർ
തൃശ്ശൂർ	17 സംരംഭങ്ങൾ 34 സംരംഭകർ
മലപ്പുറം	78 സംരംഭങ്ങൾ 27 സംരംഭകർ
പാലക്കാട്	36 സംരംഭങ്ങൾ 71 സംരംഭകർ
കോഴിക്കോട്	63 സംരംഭങ്ങൾ 150 സംരംഭകർ
വയനാട്	32 സംരംഭങ്ങൾ 80 സംരംഭകർ
കണ്ണൂർ	36 സംരംഭങ്ങൾ 71 സംരംഭകർ
കാസർഗോഡ്	21 സംരംഭങ്ങൾ 53 സംരംഭകർ
ആകെ	643 സംരംഭങ്ങൾ 1538 സംരംഭകർ

ജില്ല തിരിച്ചുള്ള നൂതനമായ സംരംഭങ്ങളുടെ കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു :

ബ്രാഞ്ചുകൾ	വിവര സാങ്കേതികം	ഭക്ഷ്യ സംസ്കരണം	അച്ചടി	കാർഷികം	വസ്ത്ര നിർമ്മാണം	ചെരുപ്പ്/ബാഗ് നിർമ്മാണം	എഞ്ചിനീയറിംഗ് മേഖല	ആരോഗ്യ രംഗം	മറ്റുള്ളവ
തിരുവനന്തപുരം	55	5	9	9	4	2	10	5	19
കൊല്ലം	5	3	2	0	0	0	3	0	2
പത്തനംതിട്ട	2	2	1	3	0	0	2	2	3
കോട്ടയം	11	6	4	1	1	0	13	5	7
ആലപ്പുഴ	5	3	6	3	2	0	4	0	4
എറണാകുളം	23	5	9	1	11	6	14	3	14
ഇടുക്കി	5	7	10	0	1	1	10	8	9
തൃശ്ശൂർ	6	2	1	0	0	0	5	3	0
മലപ്പുറം	9	9	7	4	9	3	16	6	15
പാലക്കാട്	6	6	2	1	3	1	7	6	4
കോഴിക്കോട്	15	9	2	0	8	3	11	5	10
വയനാട്	3	5	2	4	0	0	6	5	7
കണ്ണൂർ	11	5	6	0	3	0	2	4	5
കാസർഗോഡ്	2	3	3	0	0	0	8	2	3
ആകെ	158	70	64	26	42	16	111	54	102

LIBRARY ARCHIVES Kerala Legislative Assembly

31-8-2014-ലെ കണക്കുകൾ പ്രകാരം ഇതുവരെ ചെലവായ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

ഹെഡ് ഓഫീസ്	29,04,70,076
തിരുവനന്തപുരം	53,04,442
കൊല്ലം	28,68,377
പത്തനംതിട്ട	21,00,746
കോട്ടയം	48,98,538
ആലപ്പുഴ	34,60,177
എറണാകുളം	72,53,162
ഇടുക്കി	59,63,741
തൃശ്ശൂർ	37,57,196
മലപ്പുറം	40,71,615
പാലക്കാട്	39,92,475
കോഴിക്കോട്	44,15,403
വയനാട്	45,96,707
കണ്ണൂർ	30,02,680
കാസർഗോഡ്	23,87,674
ആകെ	34,85,41,009

LIBRARY ARCHIVES Kerala Legislative Assembly